50 (574) കൂട്ട ആത്മഹത്യാ നിരക്ക് വർദ്ധിച്ചു വരുന്നതായ സംഗതി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂട്ട ആത്മഹത്യാനിരക്ക് ഗണ്യമായി വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണം കണ്ടെത്തുന്നതിനും ഈ പ്രവണത തടയുന്നതിനും സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നത്;

(സി) ആത്മഹത്യയുടെ ദോഷവശങ്ങൾ ചൂണ്ടിക്കാട്ടി ജനങ്ങളെ കൂടുതൽ ബോധവാൻമാരാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് 1999-2000 സാമ്പത്തിക വർഷം എത്ര കൂട്ട ആത്മഹത്യാ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നു അറിയിക്കുമോ;

(ഇ) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ആത്മഹത്യകൾ കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടല്ലെങ്കിലും വനിതാ സെല്ലുകളുടെ കീഴിൽ പ്രവർത്തിക്കുന്ന കൗൺസിലിംഗ് സെന്ററുകൾ കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ വളരെയേറെ സഹായകമാണ്.

(ഡി) 1999-2000 സാമ്പത്തികവർഷം 70 കൂട്ട ആത്മഹത്യാകേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) തിരുവനന്തപുരം-5, കൊല്ലം-7, പത്തനംതിട്ട-2, ആലപ്പുഴ-3, കോട്ടയം-4, ഇടുക്കി-1, എറണാകുളം-7, തൃശ്ശൂർ-9, പാലക്കാട്-6, മലപ്പുറം-1, കോഴിക്കോട്-5, വയനാട്-2, കണ്ണൂർ-15, കാസർഗോഡ്-3 എന്നിവയാണ് ജില്ല തിരിച്ചുള്ള കണക്കുകൾ.

51 (575) റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിന് നടപടി

ശ്രീ. ടി.കെ. ബാലൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിനെ കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നടപടികൾ മൂലം റവന്യൂ വകുപ്പിനെ എത്രത്തോളം ജനോപകാരപ്രദമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) റവന്യൂ ബോർഡ് നിർത്തലാക്കിയതുമായി ബന്ധപ്പെട്ടുള്ള അധികാര കൈമാറ്റം പൂർത്തിയായിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ തടസ്സമായുള്ള ഘടകങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) റവന്യൂ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ ജോലിഭാരം കുറഞ്ഞ ആഫീസുകൾ നിറുത്തലാക്കുകയും പ്രസ്തുത ആഫീസുകളിലെ ജീവനക്കാരെ ജോലിഭാരം അധികമായിട്ടുള്ളതും, ജീവനക്കാരുടെ അഭാവമുള്ളതുമായ ആഫീസുകളിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്. റവന്യൂ ഭരണത്തിന്റെ ഏറ്റവും താഴെതട്ടിലുള്ള വില്ലേജാഫീസർ തസ്തികയുടെ ജോലിഭാരവും ഉത്തരവാദിത്വവും കണക്കിലെടുത്തു വില്ലേജാസീഫസർ തസ്തിക ഹെഡ് ക്ലാർക്ക് തസ്തികയാക്കി ഉയർത്തുകയും വില്ലേജാഫീസുകൾക്കും താലൂക്ക് ആഫീസുകൾക്കും ഇടയിലുണ്ടായിരുന്ന ഫർക്കാ റവന്യൂ ഇൻസ്പെക്ടർ ആഫീസ് നിർത്തലാക്കുകയും ചെയ്തത് മൂലം റവന്യൂ ഭരണവ്യവസ്ഥയിൽ കാലതാമസം ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. താലൂക്കാഫീസിൽ കൂടുതലായി ഒരു തഹസിൽദാരേയും അധികജീവനക്കാരേയും നിയമിച്ചതുകൊണ്ടും വില്ലേജാഫീസർമാർക്ക് കൂടുതൽ അധികാരങ്ങൾ നൽകിയതുകൊണ്ട് ഫയലുകളിൽ കാലതാമസം ഒഴിവാക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വളരെയേറെ പരിഹരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി&ഡി) റവന്യൂബോർഡ് നിർത്തലാക്കിയതിനെ തുടർന്ന് ബോർഡിൽ നിക്ഷിപ്തമായിരുന്ന അധികാരങ്ങൾ നാല് കമ്മിഷണർമാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. അതിനുപുറമേ ലാന്റ് റവന്യൂകമ്മീഷണറിൽ നിക്ഷിപ്തമായിരുന്ന അധികാരങ്ങളിൽ ചിലത് കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

കേരളാ ഭൂവിനിയോഗ നിയമം അനുസരിച്ചുള്ള അപ്പീൽ അധികാരം ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും ജില്ലാ കളക്ടർമാർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിപതിവ് ചട്ടങ്ങൾ അനുസരിച്ചു ജില്ലാ കളക്ടറുടെ ഉത്തരവുകൾക്കെതിരെയുള്ള റിവിഷനുകൾ മാത്രം ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്. പൊന്നുവില ചട്ടങ്ങൾ അനുസരിച്ച് അവാർഡ് അംഗീകരിക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർക്ക് 50 ലക്ഷം രൂപയിൽ നിന്ന് ഒരു കോടിയായും ലാന്റ് റവന്യൂ കമ്മീഷണർക്ക് രണ്ട് കോടിയായും ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കേരള സർവ്വീസ് ഇനാംലാൻഡ്സ്, സെറ്റിൽമെന്റ് സ്കീം പട്ട ചട്ടങ്ങൾ, ട്രാവൻകൂർ കൊച്ചിൻ ഇറിഗേഷൻ ആക്ട്, ഹൈറേഞ്ച് കോളനൈസേഷൻ സ്കീം ചട്ടങ്ങൾ, കണ്ടു കൃഷി ഭൂമിപതിവ് ചട്ടങ്ങൾ, കേരളാ ലാന്റ് റീലിംഗിഷ്മെന്റ് ചട്ടങ്ങൾ എന്നീ ചട്ടങ്ങളിൽ നേരത്തേ റവന്യൂ ബോർഡിൽ ഉണ്ടായിരുന്നതും ഇപ്പോൾ ലാന്റ് റവന്യൂ കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുള്ളതുമായ അധികാരങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ഭൂസംരക്ഷണം, ലാന്റ് റീലിംഗ്വിഷ്മെന്റ്, കൈവശരേഖാ സർട്ടിഫിക്കറ്റ് കെ.എൽ. വെണ്ടർ ലൈസൻസ് നൽകുന്നതിനുള്ള അന്വേഷണ റിപ്പോർട്ട്, അതിർത്തിതർക്കം, സർവ്വേ പ്ലാൻ, സർക്കാർ ഭൂമി കൈയേറൽ, ടൈറ്റിൽ അപ്രൂവൽ റവന്യൂ കാർഡിന്റെ വിതരണം, ഭൂപരിഷ്ക്കരണ നിയമം അനുസരിച്ചു മിച്ചഭൂമി ഏറ്റെടുത്തു സംരക്ഷണവും വിതരണവും എന്നീ ജോലികൾ അഡീഷണൽ തഹസീൽദാർമാർക്ക് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

52 (576) റവന്യൂ കാർഡിലെ അപാകത പരിഹരിക്കുന്നതിന് നടപടി

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂകാർഡ് നിർബന്ധമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) എന്നുമുതൽക്കാണ് റവന്യൂകാർഡ് സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) നടപ്പാക്കാൻ ഉദ്ദേശിക്കുന്ന റവന്യൂ കാർഡിനു വേണ്ടിയുള്ള അപേക്ഷയിൽ അവ്യക്തവും അപ്രസക്തവുമായ ചോദ്യങ്ങൾ ഉള്ളതായി പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിനും പ്രസക്തവും ആവശ്യമായതുമായ വിവരങ്ങൾ ഉൾപ്പെടുത്തി റവന്യൂകാർഡ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) റവന്യൂകാർഡ് നടപ്പിലാക്കുന്നതു സംബന്ധിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്)സംസ്ഥാനത്ത് റവന്യൂ കാർഡ് നടപ്പിലാക്കുന്നതിൽ ഉണ്ടാകുന്ന അപാകതകൾ മൂലം ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക ദൂരീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് നിർബന്ധമാക്കുന്ന വ്യവസ്ഥകളൊന്നുംതന്നെ 1999-ലെ റവന്യൂ കാർഡ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ചില പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം റവന്യൂ കാർഡിനുള്ള അപേക്ഷകളുടെ വിതരണം നേരത്തേ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചില്ല. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. അതോടെ റവന്യൂ കാർഡ് സംസ്ഥാനത്ത് നിലവിൽ വരുന്നതാണ്.

(സി) ചോദ്യങ്ങളിൽ അവ്യക്തതയില്ല. ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly